(ഡി) മരംമുറിക്കൽ നടപടി പൂർത്തിയായി.

(ഇ) ഈ റോഡ് വികസനത്തിന്റെ ഭാഗമായി കായംകുളം ജംഗ്ഷന്റെ നവീകരണത്തിനായി എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

69 (213) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ സി.കെ. റോഡിൽ പ്ലാങ്കുടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റോഡിന്റെ പണി പൂർത്തിയാക്കാനുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സി.കെ. റോഡിലെ പുഞ്ചക്കുഴി പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ നിർമ്മാണം മൂന്നുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പണിയുടെ ബില്ല് പാസ്സാക്കി കരാറുകാരന് പണം നൽകാൻ ഫണ്ട് ഇല്ലാത്തതാണ് കാലതാമസത്തിനു കാരണം.

(സി) പുഞ്ചക്കുഴി പാലത്തിന് 14.3.96-ൽ ഭാരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റോഡ് വില്ലേജ് റോഡ് വിഭാഗത്തിലായതിനാൽ 1997-98 ലേയും 98-99ലേയും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല. അതിനാൽ സാങ്കേതികാനുമതി നൽകി പണി ടെണ്ടർ ചെയ്യാൻ കഴിയാതെ വന്നു. 1999-2000 വർഷത്തെ ബഡ്ജറ്റിൽ 1 ലക്ഷം രൂപ എം.ഡി.ആർ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പണിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. ആവശ്യമായ തുക ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി പണി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ നിലവിലുള്ള പാലത്തിന്റെ അപകടാവസ്ഥ പരിഗണിച്ച് ആവശ്യമായ അറ്റുകുറ്റപ്പണികൾ എത്രയും വേഗം ഡിപ്പാർട്ടുമെന്റലായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

70 (214) റോഡ് പണി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽപ്പെട്ട പെരിങ്ങാല-താഴാംവാതുക്കൽ-ആലുംചുവട് വായനശാല റോഡിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ റോഡിന്റെ അടങ്കൽത്തുക എത്രയാണ്;

LIBRARY ARCHIVES, Kerala Legislative Assembly